**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിദ്യാഭ്യാസം - ജീവനക്കാര്യം - ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിനുള്ള അധികാരം പ്രിൻസിപ്പൽ/പ്രിൻസിപ്പലിന്റെ പൂർണ അധിക ചുമതലയുള്ള അദ്ധ്യാപകന് നൽകിയ ഹയർസെക്കന്ററി ഡയറക്ടറുടെ നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (യു) വകുപ്പ്**

**സ.ഉ (സാധാ)നം.697/2017/പൊ.വി          തിരുവനന്തപുരം, തീയതി: 10/03/2017.**

പരാമർശം :- (1) ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 16/11/2016-ലെ എ.ഡി.ബി സ്പെ.സെൽ/49402/2016/എച്ച്.എസ്.ഇ നമ്പർ നടപടിക്രമം.

(2) ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 01/12/2016, 04/01/2017- തീയതികളിലെ എ.ഡി.ബി/സ്പെ.സെൽ/49402/2016/ എച്ച്.എസ്.ഇ നമ്പർ കത്തുകൾ.

**ഉത്തരവ്**

ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചു നൽകുന്നതിനുള്ള ഹയർസെക്കന്ററി ഡയറക്ടറുടെ നിലവിലുള്ള അധികാരം, ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (1)-ലെ നടപടിക്രമം പ്രകാരം, സ്കൂളുകളിലെ ഓഫീസ് മേധാവിയായ പ്രിൻസിപ്പൽ/പ്രിൻസിപ്പലിന്റെ പൂർണ്ണ അധിക ചുമതലയുള്ള അദ്ധ്യാപകന് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി നടപടിക്രമത്തിന് സാധൂകരണം നൽകണമെന്ന് ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചു നൽകുന്നതിനുള്ള പൂർണ്ണ അധികാരം സ്കൂളുകളിലെ ഓഫീസ് മേധാവിയായ പ്രിൻസിപ്പൽ/പ്രിൻസിപ്പലിന്റെ പൂർണ്ണ അധിക ചുമതലയുള്ള അദ്ധ്യാപകന് നൽകിക്കൊണ്ട് ഹയർസെക്കന്ററി ഡയറക്ടർ പുറപ്പെടുവിച്ച പരാമർശം 1-ലെ നടപടി ക്രമത്തിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എം.എം. മുഹമ്മദ് ഹനീഫ**

**അണ്ടർ സെക്രട്ടറി**

ഗവൺമെന്റ് സെക്രട്ടറിയ്ക്കുവേണ്ടി

ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ (ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.

Endtt

Circulated to all Govt. H.S.S. Principals / Teachers / RDDs for information and further actions

Senior Administrative Officer

ധനകാര്യ വകുപ്പ് ((ധനകാര്യ (എഡ്യൂ. ബി) വകുപ്പ്) കമ്പ്യൂട്ടർ നം.388389-യു2/8/17-പൊ.വി.വ).
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.